**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Geromic George IAS )**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ഭരണജാഗ്രത - ഇടുക്കി ജില്ല - പെരുവന്താനം ഗ്രാമപഞ്ചായത്ത് - ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ - മുൻ ക്ലാർക്ക് ശ്രീ. ബോണി ആർ. മണി യ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

പരാമർശം:

1) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി -യുടെ 01-02-2021 തീയതിയിലെ ബി1-721/2020 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി -യുടെ 04-09-2021 തീയതിയിലെ ബി1-721/2020 നമ്പർ കത്ത്.
3) പഞ്ചായത്ത് ഡയറക്ടറുടെ 12-12-2021 തീയതിയിലെ PAN/3458/2021-D8(DP) നമ്പർ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക.
4) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി -യുടെ 18-11-2022 തിയതിയിലെ ബി1-721/2020 നമ്പർ അഭിപ്രായ റിപ്പോർട്ട്
5) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24-10-2023 ലെ LSGD/PD/10801/2023-VIGB3 നമ്പർ ഉത്തരവ്.
6) ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ഇടുക്കിയുടെ 21-02-2024, 10-10-2024 തീയതികളിലെ LSGD/JD/IDK/1128/2023-A3 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
7) പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) മുൻപാകെ 27-11-2024 തീയതിയിൽ നടത്തിയ നേർകാഴ്ച.

**ഉത്തരവ് നമ്പർ. LSGD/PD/10801/2023-VIGB3 തീയതി: 09-12-2025**

ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിൽ പെർഫോമൻസ് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ, വിവിധ ഫണ്ടുകൾ ചിലവഴിച്ചതിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തുടർന്ന് പെരുവന്താനം ഗ്രാമപഞ്ചായത്തിലെ ജീവനക്കാരായിരുന്ന 1. ശ്രീ. റ്റിജി തോമസ് (സെക്രട്ടറി), 2. ശ്രീ. ഡി. സുധീർ (ഹെഡ്ക്ലാർക്ക്), 3. ശ്രീ. ജോസഫ് ഡാനിയൽ (അക്കൗണ്ടന്റ്), 4. ശ്രീ. രഘുനാഥപ്രസാദ് ജി. (അക്കൗണ്ടന്റ്) 5. ശ്രീ. ബിന്ദു എം. കോശി (സീനിയർ ക്ലാർക്ക്), 6. ശ്രീ. ബോണി ആർ. മണി (ക്ലാർക്ക്) എന്നിവരാണ് ക്രമക്കേടുകൾക്ക് ഉത്തരവാദികൾ എന്ന് കാണിച്ച് പരാമർശം (2) പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

തുടർന്ന് ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ടി ജീവനക്കാർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുസരിച്ച് കുറ്റാരോപണ നൽകി

അച്ചടക്കനടപടികൾ ആരംഭിക്കുകയുണ്ടായി. ആയതിൽ പെരുവന്താനം ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ആയിരുന്ന ശ്രീ. ബോണി ആർ. മണി -യ്ക്ക് പരാമർശം (3) പ്രകാരം ചുവടെ പറയുന്ന കുറ്റങ്ങൾ ആരോപിച്ച് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

*1.(എ) 2019-20 വർഷത്തെ കേരളോൽസവവുമായി ബന്ധപ്പെട്ട് ഫയലുകളിൽ യഥാവിധമുള്ള രേഖകളും, അനുബന്ധ രേഖകളും അപേക്ഷകളും വേണമെന്നിരിക്കെ ആയവ ഒന്നുമില്ലാതെ 21900790,791,792,793,794 നമ്പർ വൗച്ചറുകളിൽ കണ്ടിജന്റ് ബില്ല് മാത്രം എഴുതി 32000/- രൂപ മാറി ചെലവഴിച്ചിട്ടുള്ളത് അധികാര ദുർവിനി യോഗവും അച്ചടക്ക ലംഘനവുമാണ്.*

*(ബി) 2019-20 വർഷത്തെ കേരളോൽസവത്തിന്റെ സ്വാഗത സംഘം രൂപീകരണയോഗത്തിന്റെ പ്രചരണാർത്ഥം സ്വാഗത സംഘം രൂപീകരണത്തിന്റെ നോട്ടീസോ, രേഖകളോ എന്നിവയില്ലാതെ വൗച്ചർ നമ്പർ 21900723,724 എന്നിവകൾ പ്രകാരം പഞ്ചായത്തിന്റെ മുഴുവൻഭാഗങ്ങളിലും വാഹനം ഓടിയതിന് 7000/- രൂപ വാഹനവാടക നൽകിയിരിക്കുന്നു. വൗച്ചറുകളിലോ ഫയലിലോ ഇത്തരത്തിൽ രേഖകളൊന്നും കൂടാതെ തുക ചെലവഴിച്ചിട്ടുള്ളത് നീതികരിക്കാനാകാത്തതാണ്.*

*(സി) ടി കേരളോൽസവം നടത്തിപ്പിനായി നിലവിലെ വളരെ ചെറിയ ഗ്രൗണ്ട് വൃത്തിയാക്കിയ പ്രവർത്തി, ക്ഷമതയുള്ള ഒരുദ്യോഗസ്ഥൻ പരിശോധിച്ച് രേഖപ്പെടുത്തലുകൾ നടത്തണമെന്നിരിക്കെ അപേക്ഷയും തുക കൈപ്പറ്റിയതിന്റെ രസീതും മാത്രം ഉപയോഗിച്ച് വൗച്ചർ നമ്പർ 21900762,763 എന്നിവ പ്രകാരം 12000/- രൂപ ചെലവാക്കിയ പ്രവൃത്തിയിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടു നടന്നതായി വീക്ഷിക്കുന്നു.*

*മുകളിൽ പരാമർശിച്ചിട്ടുള്ള കേരളോൽസവവുമായി ബന്ധപ്പെട്ട ഫയലുകളിൽ വൗച്ചറുകളും അനുബന്ധരേഖകളും ശരിയായ രീതിയിൽ പരിശോധനകൾ നടത്തി അപാകതകളുണ്ടെങ്കിൽ ആയവ കുറിപ്പുകളാക്കി മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നത് കേരളോൽസവം പദ്ധതിയുടെ ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥന്റെ ചുമതലയാണെന്നിരിക്കെ ടി വിഷയങ്ങൾക്കാധാരമായ ഫയലുകളിൽ മതിയായ രേഖകളൊന്നുമില്ലാതെ തുകമാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് ഉത്തരവാദപ്പെട്ട ചുമതലകൾ നിക്ഷിപ്തമായിട്ടുള്ള ഉദ്യോഗസ്ഥനെന്ന നിലയിൽ താങ്കളുടെ ഭാഗത്തു നിന്നുള്ള കുറ്റകരമായ അനാസ്ഥയും ഗുരുതരമായ കൃത്യനിർവ്വഹണ വീഴ്ച്ചയുമാണ്.*

കുറ്റപത്രത്തിന് ശ്രീ. ബോണി ആർ. മണി നൽകിയ എതിർവാദ പത്രികയ്ക്ക് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ആയതിൽ കേരളോത്സവവുമായി ബന്ധപ്പെട്ട വൗച്ചറുകൾ തയ്യാറാക്കുമ്പോൾ കേരളോത്സവത്തിന്റെ ചുമതല ഒരു ജീവനക്കാരനും നൽകിയിരുന്നില്ല എന്നും കേരളോത്സവവുമായി ബന്ധപ്പെട്ട വൗച്ചറുകൾ സെക്രട്ടറിയുമായി ചേർന്ന് ഹെഡ്ക്ലാർക്ക് ശ്രീ. സുധീർ ഡി. - യാണ് തയ്യാറാക്കിയിട്ടുള്ളതെന്നാണ് പീരുമേട് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, ടിയാൻ സമർപ്പിച്ചിട്ടുള്ള വാദങ്ങൾ അംഗീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

അച്ചടക്കനടപടിയിൽ 1960-ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം ആവശ്യമാണെന്ന് കണ്ട് കൊണ്ട് അപ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ജോസഫ് സെബാസ്റ്റ്യനെ ചുമതലപ്പെടുത്തി പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. ആയതിൽ ഔപചാരിക അന്വേഷണം നടത്തി പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. റിപ്പോർട്ടിൽ കുറ്റാരോപണ പത്രികയിലെ 1 (എ) പ്രകാരമുള്ള

കുറ്റാരോപണവുമായി ബന്ധപ്പെട്ട ബില്ലുകളോ, വൗച്ചറുകളോ, ഫയൽ കുറിപ്പുകളോ ശ്രീ. ബോണി ആർ. മണി തയ്യാറാക്കി നൽകുകയോ ടി കാലയളവിൽ സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടോ, കേരളോൽസവവുമായി ബന്ധപ്പെട്ടോ ഉള്ള സെക്ഷന്റെ ചുമതലകൾ ടിയാന് നൽകുകയോ ചെയ്തിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ കുറ്റാരോപണ പത്രികയിലെ 1 (എ) പ്രകാരമുള്ള കുറ്റാരോപണത്തിൽ നിന്നും ശ്രീ. ബോണി ആർ. മണിയെ ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്തിരുന്നു.

അച്ചടക്കനടപടിയിൽ തുടർനടപടിയുടെ ഭാഗമായി ശ്രീ. ബോണി ആർ. മണിയെ പരാമർശം (7) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) മുൻപാകെ നേരിൽ കേട്ടിരുന്നു. നേർകാഴ്ചാ വേളയിൽ, കേരളോത്സവം 2019, സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം എന്നിവയുടെ ചുമതല ഓഫീസ് ഓർഡർ പ്രകാരമോ, വാക്കാലുള്ള നിർദേശമായോ തന്നെ ചുമതലപ്പെടുത്തിയിരുന്നില്ല എന്നും, കുറ്റാരോപണവുമായി ബന്ധപ്പെട്ടുള്ള ഫയലുകളോ വൗച്ചറുകളോ തയാറാക്കിയത് താനല്ല എന്നും ടി സാഹചര്യത്തിൽ കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കണമെന്നും ബോധിപ്പിച്ചിരുന്നു. മേൽ വിഷയത്തിൽ അന്വേഷണ റിപ്പോർട്ടുകളും, ബന്ധപ്പെട്ട വസ്തുതകളും നേർകാഴ്ചാ വേളയിൽ നൽകിയ മൊഴിയും പരിശോധിച്ചതിൽ നിന്നും ശ്രീ. ബോണി ആർ. മണിയ്ക്ക് കേരളോത്സവം 2019, സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം എന്നിവയുടെ ചുമതലകൾ നൽകിയിരുന്നില്ല എന്നും ടിയാന്റെ ഭാഗത്ത് നിന്നും കുറ്റപത്രത്തിൽ ആരോപിച്ചിരുന്ന വീഴ്ച സംഭവിച്ചിട്ടില്ല എന്നും ബോധ്യപ്പെടുന്നു. ടി സാഹചര്യത്തിൽ **പെരുവന്താനം ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. ബോണി ആർ. മണിയെ കുറ്റവിമുക്തനാക്കി ടിയാനെതിരെ മേൽ വിഷയത്തിൽ സ്വീകരിച്ച വന്ന അച്ചടക്കനടപടിയിലെ തുടർ നടപടികൾ ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.**

Geromic George IAS
PRINCIPAL DIRECTOR

ശ്രീ. ബോണി ആർ. മണി

മുൻ ക്ലാർക്ക്, പെരുവന്താനം ഗ്രാമപഞ്ചായത്ത്

നിലവിൽ സീനിയർ ക്ലാർക്ക്

അഴുത ബ്ലോക്ക് പഞ്ചായത്ത് LSG എഞ്ചിനീയറിംഗ് വിഭാഗം

(തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി മുഖേന)

പകർപ്പ് :

1. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ഇടുക്കി ജില്ല (ഉത്തരവ് ശ്രീ. ബോണി ആർ. മണി- യ്ക്ക് നൽകി കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കേണ്ടതാണ്.)
2. സൂപ്രണ്ട്, DEC സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
3. സൂപ്രണ്ട്, DED സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (വിവരാവകാശ നിയമം പ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George Ias
Date: 09-12-2025 11:36:37